# കേരള വനംവകുപ്പ്

## സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് തിരുവനന്തപുരം

## ദർഘാസ് – ലേല പരസ്യം

**കേരളാ ഗസററ് നംപര്‍ -50**

**വാല്യം 54 തീയതി 22-12-2009**

Pro–5–6835/2009 02..12..2009

കേരളാ വനംവകുപ്പിന് കീഴിലുള്ള തടി ഡിപ്പോകളിൽ നിന്നും വിവിധതരം മരത്തടികൾ, കഴകൾ, വിറക്, ഈട്ടിയുടെയും തേക്കിന്റെയും ബില്ലറ്റ്സ്, മറ്റ് വനവിഭവങ്ങൾ മുതലായവ അതാതു ഡിപ്പോകളുടെ നേരെ കാണിച്ചിട്ടുള്ള തീയതികളിൽ താഴെ വിവരിക്കുന്ന ദർഘാസ്/ ലേലനിബന്ധനകൾക്കും അതാതു സമയത്ത് നിലവിലുള്ള മറ്റ് നിയമങ്ങൾക്കും വിധേയമായി അതാതു ഡിപ്പോകളിലെ ലഭ്യതയനുസരിച്ച് ഡിവിഷണൽ ഫോറസ്റ്റോഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ ദർഘാസ്/ ലേലം അടിസ്ഥാന ത്തിൽ വിൽക്കുന്നതാണ്. ഈ വ്യവസ്ഥകൾ സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ ബാധകമായിരിക്കും.

ലേല ദിവസം രാവിലെ 9 മണി വരെ അതാത് ഡിപ്പോ ഓഫീസുകളിൽ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസ് ഫാറങ്ങൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റാഫീസിൽ നിന്നോ ഡിപ്പോ ആഫീസുകളിൽ നിന്നോ ലഭിക്കുന്നതാണ്. ഫാറം വിലയായി 200 (ഇരുന്നൂറ്) രൂപയും നിലവിലുള്ള വിൽപ്പന നികുതിയും ഈടാക്കുന്നതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. വാങ്ങാനുദ്ദേശിക്കുന്ന ലോട്ടുകളുടെ നമ്പരും അവയ്ക്കായി നൽകാൻ ഉദ്ദേശിക്കുന്ന വിലയും വ്യക്തമായി ദർഘാസിൽ രേഖപ്പെടുത്തേണ്ടതാണ്.

ലേല നടപടികൾ അതാതു ദിവസം രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. ലേല ദിവസം പണിമുടക്കോ പൊതു ഒഴിവു ദിവസമായോ വന്നാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം മേൽ പ്രസ്താവിക്കപ്പെട്ട സ്ഥലത്തും സമയത്തും വച്ച് നടത്തുന്നതാണ്. ലേലം തുടങ്ങിയതിനുശേഷമാണ് അന്നേ ദിവസം ഒഴിവ് ദിവസമായി പ്രഖ്യാപിക്കപ്പെട്ട വിവരം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ലഭിച്ചതെങ്കിൽ ഉടൻ ലേലം നിറുത്തി വയ്ക്കാവുന്നതാണ്. അങ്ങനെ നിറുത്തി വയ്ക്കുന്ന ലേലം അടുത്ത പ്രവൃത്തി ദിവസം രാവിലെ 10 മണിക്ക് തുടരുന്നതാണ്.

ദർഘാസ്/ ലേല വിൽപ്പനയിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് വിൽപ്പനയ്ക്ക് വച്ചിട്ടുള്ള സാധനങ്ങളുടെയും മറ്റും നൽപ്പുനിൽപ്പു സ്ഥിതിയും അളവുകളും മറ്റ് വിശദവിവരങ്ങളും കണ്ട്

ബോദ്ധ്യപ്പെട്ടിരിക്കേണ്ടതാണ്. ലേലത്തിനു ശേഷം ഈവക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ല. ഓരോ ദർഘാസ്/ ലേലത്തിലും വിൽക്കാനുദ്ദേശിക്കുന്ന തടികളെപ്പറ്റിയും മറ്റ് വനവിഭവങ്ങളെപ്പറ്റിയുമുള്ള, വിവരങ്ങൾ അതാതു ഡിവിഷണൽ ഫോറസ്റ്റാഫീസിൽ നിന്നോ ഡിപ്പോ ഓഫീസിൽ നിന്നോ മുൻകൂട്ടി അറിയാവുന്നതാണ്. ലേലത്തിൽ ഉൾപ്പെടുത്തുന്ന തടികളുടെ നീളം, വണ്ണം മുതലായ വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് പേജ് ഒന്നിന് ഒരു രൂപാ നിരക്കിൽ ലേലക്കാർക്ക് ഡിപ്പോകളിൽ ലേല ദിവസം നൽകുന്നതാണ്. ഏതെങ്കിലും ഡിപ്പോയിൽ, കയറ്റുമതി ഇനത്തിൽപ്പെടാത്ത തേക്ക്, മുൻ ദർഘാസ്/ ലേലത്തിൽ സ്ഥിരപ്പെടുത്താത്തതായ ലോട്ടുകൾ എന്നിവ വിൽപ്പനക്ക് വരുന്നതായാൽ അവയും മറ്റ് തടികളോടൊപ്പം നിശ്ചിത ദർഘാസ്/ ലേലത്തിൽ വിൽക്കുന്നതാണ്.

ലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ തുറക്കുന്നതും ഓരോ ലോട്ടിനും രേഖപ്പെടുത്തിയിട്ടുള്ള വില ലേലത്തിൽ അതേ ലോട്ടിനു ലഭിച്ച ഏറ്റവും ഉയർന്ന വിലയേക്കാൾ കൂടുതലാണെങ്കിൽ ദർഘാസ് വിലയ്ക്കും, കുറവാണെങ്കിൽ ലേലത്തിൽ ലഭിച്ച വിലയ്ക്കും ആ ലോട്ടിന്റെ വിൽപ്പന സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ രണ്ടു വിലയും വകുപ്പിന്/ സർക്കാരിന് ലാഭകരമായി ബോദ്ധ്യപ്പെടാ ത്ത പക്ഷം ആ ലോട്ടിന്റെ ദർഘാസ്/ ലേല വിൽപ്പന റദ്ദ് ചെയ്യുന്നതാണ്.

## സാമാന്യ വ്യവസ്ഥകൾ

### 1. അളവും തരം തിരിക്കലും

തടികൾ ഇനവും തരവും തിരിച്ച് സൗകര്യമുള്ള ലോട്ടുകളായി വിൽക്കുന്നതാണ്. ഇങ്ങനെയുള്ള ഓരോ ലോട്ടും താഴെ പറയുന്ന അളവുകളിൽ കവിയാ ത്തതായിരിക്കും.

(എ): കയറ്റുമതി തരം തേക്ക്, ഈട്ടി തടികൾ – ഓരോ തടിയും ഓരോ ലോട്ടായി

(ബി): മറ്റുതരം തേക്കുതടികൾ – 4ഘന മീറ്ററിൽ കവിയാത്ത ലോട്ടുകൾ

(സി). മറ്റുതരം ഈട്ടി തടികൾ – 4 ഘന മീറ്ററിൽ കവിയാത്ത ലോട്ടുകൾ

(ഡി): മറ്റിനം തടികൾ – 8 ഘന മീറ്ററിൽ കവിയാത്ത ലോട്ടുകൾ

(ഇ): കഴ, വിറക്, ബില്ലറ്റ്സ്, മറ്റ് വനവിഭവങ്ങൾ – സൗകര്യപ്രദമായ തോതിൽ

### 2. നിരതദ്രവ്യം

(എ) ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ചന്ദനത്തിന് 50000 (അൻപതിനായിരം) രൂപയും ഈട്ടി, തേക്ക് എന്നിവയ്ക്ക് 20,000 (ഇരുപതിനായിരം) രൂപയും മറ്റ് തടികൾക്ക് 10,000 (പതിനായിരം) രൂപയും മറ്റ് വന വിഭവങ്ങൾക്ക് 2,000 (രണ്ടായിരം) രൂപയും നിരതദ്രവ്യം പണമായി

ദർഘാസിനോടൊപ്പം കെട്ടി വയ്ക്കേണ്ടതാണ്. കൂടാതെ അവർ ദർഘാസ്/ ലേലനിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ തന്മൂലം വകുപ്പിന്/സർക്കാരിന് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ തന്നിൽ നിന്നും ഈടാക്കാവുന്നതാണെന്ന് സമ്മതിച്ചുകൊണ്ടുള്ള ഒരു സമ്മതപത്രവും ഒപ്പു വയ്ക്കേണ്ടതാണ്.

(ബി): ദർഘാസ്/ ലേലത്തിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടൻ തിരിച്ചുകൊടുക്കുന്നതാണ്.

(സി): വിജയിച്ച ദർഘാസുകാരുടെ/ലേലക്കാരുടെ നിരതദ്രവ്യം താഴെ വിവരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പിടിച്ച തടികളുടെയും മറ്റ് വനവിഭവങ്ങളുടെയും വിലയിലേക്ക് വക ചേർക്കുന്നതിനായോ അവരിൽ നിന്നും ഏതെങ്കിലും വീഴ്ച വന്നാൽ താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതിനായോ ഡിപ്പാർട്ടുമെന്റിൽ സൂക്ഷിക്കുന്നതാണ്.

(ഡി): ദർഘാസ്/ ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നുമുള്ള ഒരു സർട്ടിഫിക്കറ്റോ അതല്ലെങ്കിൽ ഇലക്ഷൻ കമ്മീഷൻ നൽകിയ ഐഡന്റിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ നിരതദ്രവ്യം കെട്ടിവയ്ക്കു ന്നതിന് മുൻപായി സമർപ്പിക്കേണ്ടതാണ്. പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ ഉള്ളവർ അവരുടെ സർട്ടിഫിക്കറ്റ് കാണിച്ച് ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരിൽ നിന്നും ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് ഹാജരാക്കിയാൽ മതിയാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം സർട്ടിഫിക്കറ്റോ ഏതെങ്കിലും തിരിച്ചറിയൽ രേഖയോ ഹാജരാക്കാത്തവരെ ദർഘാസ്/ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.

(ഇ): ലേലത്തിൽ കൂട്ടി വിളിക്കുന്ന ഏറ്റവും കുറഞ്ഞ സംഖ്യ ഈട്ടി തടിയുടെ കാര്യത്തിൽ ക്യൂബിക് മീറ്ററിന് 500 (അഞ്ഞൂറ്) രൂപയും തേക്ക് തടിയുടെ കാര്യത്തിൽ ക്യൂബിക് മീറ്ററിന് 100 (നൂറ്) രൂപയും മറ്റിനം തടികളുടെ കാര്യത്തിൽ ക്യൂബിക് മീറ്ററിന് 25 (ഇരുപത്തിയഞ്ച്) രൂപയും ഒന്ന്, രണ്ട് എന്നീ ക്ളാസുകളിൽപ്പെട്ട തേക്ക് കഴകൾക്ക് ഓരോ എണ്ണത്തിനും 25 (ഇരുപത്തിയഞ്ച്) രൂപയും മൂന്ന്, നാല് ക്ളാസുകളിൽപ്പെട്ട തേക്കു കഴകളുടെ കാര്യത്തിൽ ഓരോ എണ്ണത്തിനും 5 (അഞ്ച്) രൂപയും 5-ാം ക്ളാസ്, കപ്പുകാൽ എന്നീ തേക്കു കഴകളുടെ കാര്യത്തിൽ ഓരോ എണ്ണത്തിനും 2 (രണ്ട്) രൂപയും തേക്ക്, ഈട്ടി, ബില്ലറ്റുകൾക്ക് മെട്രിക് ടണ്ണിന് 50 (അൻപത്) രൂപയും വിറകുകൾക്ക് മെട്രിക് ടണ്ണിന് 10 (പത്ത്) രൂപയും മറ്റു വനവിഭവങ്ങളുടെ കാര്യത്തിൽ 10 (പത്ത്) രൂപയും ആയിരിക്കും.

(എഫ്): ഓരോ ലോട്ടിന്റെയും ലേലം അവസാനിച്ചയുടനെ അതാത് ലോട്ടുകൾ ഏറ്റവും ഉയർന്ന വില വിളിച്ചയാൾ ആ ലോട്ടുകളുടെ വിവരങ്ങൾ, വിളിച്ചെടുക്കുന്ന വില മുതലായ സംഗതികൾ അംഗീകരിച്ച സൂചനയ്ക്കായി അതാതു ലോട്ടുകളുടെ നേരെ ലേല രജിസ്റ്ററിൽ ഒപ്പുവയ്ക്കേണ്ടതാണ്. അങ്ങനെ ഒപ്പു വെയ്ക്കാതിരുന്നാലും ലേലം വിളിക്കുന്നയാൾക്ക് ലേലനിബന്ധനകളിൽ നിന്ന് മാറാവുന്നതല്ല.

(ജി): ദർഘാസ്/ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ താഴെപ്പറയുന്ന അധികാരങ്ങൾ ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

(i) ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റേയോ നിരതദ്രവ്യം യാതൊരു കാരണവും പറയാതെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്.

(ii) ദർഘാസ്/ ലേലത്തിനായി പരസ്യപ്പെടുത്തിയ ഏതെങ്കിലും ലോട്ടുകൾ വിൽക്കാതിരിക്കുകയോ പരസ്യപ്പെടുത്തിയിട്ടില്ലാത്ത ഏതെങ്കിലും ലോട്ട് വിൽക്കുകയോ ചെയ്യാവുന്നതാണ്.

(iii) ലേലത്തിന് പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും നടപടികളിൽ ഏർപ്പെട്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ലേലക്കാരനെ ലേലത്തിൽ നിന്നോ ലേല സ്ഥലത്തു നിന്നോ പുറത്താക്കാവുന്നതാണ്.

(iv) ലേലം വിളിയ്ക്കുന്നവർ പരോക്ഷമായി യോജിച്ച് സർക്കാരിനെ പ്രതികൂലമായി ബാധിക്കുന്ന നടപടികളിൽ ഏർപ്പെട്ട് പ്രതീക്ഷിച്ച വില ലഭിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ ലേലം നിർത്തി വയ്ക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

## 3. പോസ്റ്റ് ഓഫറുകൾ:

നിയമാനുസൃതമായ പോസ്റ്റ് ഓഫറുകൾ വല്ലതുമുണ്ടെങ്കിൽ ആയത് ദർഘാസ്/ ലേലം കഴിഞ്ഞ് 7 ദിവസത്തിനകം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുന്നതാണ്.

(എ): പോസ്റ്റ് ഓഫർ തരുന്ന ലോട്ടുകൾക്ക് ഓരോന്നിനും വില ഒരു ലക്ഷത്തിൽ കുറവാണെങ്കിൽ അതിന്റെ ഇരുപത് ശതമാനം (20%) വില കൂടുതലും, ഒരു ലക്ഷത്തിൽ കൂടുതൽ ഉള്ള തുകയ്ക്ക് പത്ത് ശതമാനം (10%) ഏറ്റവും കുറഞ്ഞത് വാഗ്ദാനം നൽകിയാൽ മാത്രമേ പോസ്റ്റ് ഓഫറുകൾ സ്വീകരിക്കുകയുള്ളൂ.

(ബി): മുകളിൽപ്പറഞ്ഞ പ്രകാരമുള്ള സാധുവായ പോസ്റ്റ് ഓഫറിനോടൊപ്പം ഓഫർ തരുന്ന ഓരോ ലോട്ടിൻേറയും അമ്പത് ശതമാനം (50%) വില സെക്യൂരിറ്റി ഡെപ്പോസിറ്റായി ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ മാറാവുന്ന ഡി.ഡി ആയോ സർക്കാർ ട്രഷറിയിൽ ചലാൻ മുഖാന്തിരമോ അടയ്ക്കേണ്ടതാണ്.

(സി):പോസ്റ്റ് ഓഫറുകൾ അതാത് ഡിപ്പോയുടെ ചാർജ്ജുള്ള തടി വിൽപ്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

(ഡി):പോസ്റ്റ് ഓഫറിൽ പറഞ്ഞിരിക്കുന്ന വിലയ്ക്ക്, ലോട്ടുകൾ എടുത്തു കൊള്ളാമെന്നുള്ള സമ്മത പത്രം 50/– (അമ്പത്) രൂപ മുദ്രകടലാസിൽ എഴുതി നൽകേണ്ടതാണ്.

(ഇ): പോസ്റ്റ് ഓഫറിലെ നിബന്ധനകൾ പ്രകാരമുള്ള വിലയുടെ ഓഫറും സെക്യൂരിറ്റി ഡെപ്പോസിറ്റും സമ്മത പത്രവും കിട്ടി കഴിഞ്ഞാലുടൻ ബന്ധപ്പെട്ട ലോട്ടുകളുടെ ലേലം റദ്ദു ചെയ്യുന്നതും അടുത്ത പൊതു ദർഘാസ്/ലേല ദിവസം ടി ലോട്ടുകൾ പുനർലേലം ചെയ്യുന്നതുമാണ്.

(എഫ്):ലേലം വിളിക്കുമ്പോൾ പോസ്റ്റ് ഓഫറിൽ രേഖപ്പെടുത്തിയിരിക്കുന്ന വില ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ വിലയായി കണക്കാക്കി ലേലം നടത്തുന്നതും ലേലത്തിലോ/ ദർഘാസിലോ ഉയർന്ന വില നൽകുന്നവർക്ക് ലേലം/ ദർഘാസ് ഉറപ്പിക്കുന്നതുമാണ്. ഉയർന്ന വിലയ്ക്ക് ലേലം/ ദർഘാസ് കൊള്ളാൻ ആളില്ലാത്ത പക്ഷം പോസ്റ്റ് ഓഫർ നൽകിയ ആളിന് വാഗ്ദാനം ചെയ്ത വിലക്ക് ലോട്ടുകൾ നൽകുന്നതാണ്.

(ജി): ലേല/ ദർഘാസ് ഉറപ്പിക്കുമ്പോൾ ലോട്ടുകൾക്ക് കൂടുതൽ വില കിട്ടുകയും മറ്റൊരാൾക്ക് ലേല/ ദർഘാസ് ഉറപ്പിക്കുകയും ചെയ്യുന്ന പക്ഷം പോസ്റ്റ് ഓഫറിനോടൊപ്പം നൽകിയ സെക്യൂരിറ്റി തുക മടക്കി കൊടുക്കുന്നതും പോസ്റ്റ് ഓഫർ വിലക്ക് നൽകുന്ന പക്ഷം ബാക്കി വിലയിലേക്ക് വകവയ്ക്കുന്നതും എന്നാൽ പോസ്റ്റ് ഓഫർ നൽകിയ ആൾ പിൻമാറുന്ന പക്ഷം ടി തുക സർക്കാരിലേക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതാണ്.

ലേലത്തിൽ പണമടക്കുന്നതിനും, തടി നീക്കം ചെയ്യുന്നതിനും മറ്റ് നിയമങ്ങളും വ്യവസ്ഥകളും ബാധകമായിരിക്കുന്നതാണ്.

## 4. ദർഘാസ് / ലേലം സ്ഥിരപ്പെടുത്തൽ

(എ): ദർഘാസ്/ ലേലം സ്ഥിരപ്പെടുത്തുന്നത് നിയമാനുസരണം അധികാരമുള്ള ഉദ്യോഗസ്ഥനായിരിക്കും. യാതൊരു കാരണവും പറയാതെ ഭാഗികമായോ പൂർണ്ണമായോ ദർഘാസ്/ ലേലത്തെ സ്ഥിരീകരിക്കുവാനോ തള്ളിക്കളയുവാനോ അദ്ദേഹത്തിന് അധികാരമുണ്ടായിരിക്കും. നിയമാനുസരണം സ്ഥലത്തുവച്ചു തന്നെ ദർഘാസ്/ ലേലം സ്ഥിരപ്പെടുത്തികൊടുക്കുന്ന ലോട്ടുകളുടെ മുഴുവൻ വിലയും വിൽപ്പനനികുതിയും ഡിപ്പോ ഓഫീസിൽ അടയ്ക്കാവുന്നതാണ്. സ്ഥലത്തുവച്ച് സ്ഥിരപ്പെടുത്തുന്ന ലോട്ടുകൾക്ക് ദർഘാസ്/ ലേലം കഴിഞ്ഞ് 7 ദിവസത്തിനുശേഷമേ പ്രസ്തുത തടികൾ നീക്കം ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. ലേലം കഴിഞ്ഞ് 7 ദിവസത്തിനകം ദർഘാസ്/ ലേലത്തെ

സംബന്ധിച്ചുള്ള പരാതികൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കാവുന്നതാണ്. മേൽപ്പറഞ്ഞ സമയത്തിനകം ദർഘാസ്/ ലേലത്തെ സംബന്ധിച്ച പരാതി ലഭിക്കുകയാണെങ്കിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരാതിയിൽ ഉൾപ്പെട്ട ലോട്ടുകളുടെ ദർഘാസ്/ ലേലത്തെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം എടുക്കുന്നതിനുള്ള പരമാധികാരം ബന്ധപ്പെട്ട കൺസർവേറ്ററിൽ നിക്ഷിപ്തമാണ്. ബാക്കിയുള്ള ലോട്ടുകളെ സംബന്ധിച്ചിടത്തോളം, നിശ്ചിത ഫാറത്തിൽ സ്ഥിരീകരണമോ, ബാക്കി അടയ്ക്കേണ്ട സംഖ്യയ്ക്കുള്ള അംഗീകാരം നൽകിയ ചലാനോ, രണ്ടും കൂടിയോ, അതാത് ഡിപ്പോ ഓഫീസിൽ നിന്ന് നേരിട്ട് നൽകുകയോ തപാലിൽ “സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ്” ആയി അയയ്ക്കുകയോ ചെയ്യുന്നതായിരിക്കും. ദർഘാസ്/ ലേലം സ്ഥിരപ്പെടുത്തിയ വിവരം സ്ഥലത്ത് വച്ച് പ്രഖ്യാപിക്കുന്നത് അറിയിപ്പായി കണക്കാക്കേണ്ടതാണ്.

(ബി): ദർഘാസ്/ ലേലം ചെയ്യപ്പെട്ട വസ്തുക്കൾ നീക്കം ചെയ്യാൻ ദർഘാസ്/ ലേല വ്യവസ്ഥയനുസരിച്ച് അനുവദിക്കപ്പെടുന്ന സമയപരിധിവരെ സുരക്ഷിതമായി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം ഡിപ്പാർട്ടുമെന്റിനായിരിക്കും. എന്നാൽ വില പൂർണ്ണമായി അടച്ച ശേഷം ദർഘാസ്/ ലേല വ്യവസ്ഥ അനുസരിച്ച് അനുവദിച്ച സമയപരിധി കഴിഞ്ഞുണ്ടാകുന്ന കേടുപാടുകൾക്കോ നാശനഷ്ടങ്ങൾക്കോ ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല.

## 5. ബാക്കി പണം അടയ്ക്കലും തടികൾ നീക്കം ചെയ്യലും

(എ): വിജയിയായ ദർഘാസുകാരൻ/ ലേലക്കാരൻ ലേലം കഴിഞ്ഞാലുടനെ ലേലം കൊണ്ട ഉൽപ്പന്നത്തിന്റെ മൊത്തം വില 20,000 (ഇരുപതിനായിരം) രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്. ലേലംകൊണ്ട ഉൽപ്പന്നത്തിന്റെ വില 20,000 രൂപയിൽ കൂടുതലാണെങ്കിൽ മൊത്തം ലേലത്തുകയുടെ മുപ്പത്തിയഞ്ച് ശതമാനം (35%), കുറഞ്ഞത് 20,000 (ഇരുപതിനായിരം) രൂപയും കൂടിയത് 1,00,000 (ഒരു ലക്ഷം) രൂപയും എന്ന കണക്കിൽ, റൊക്കം പണമായോ, ഏതെങ്കിലും ദേശസാൽകൃത ബാങ്കിലെ നിഷ്കർഷിക്കപ്പെടുന്ന ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ ലേലദിവസം തന്നെ ഒടുക്കേണ്ടതാണ്. നിബന്ധന 2 പ്രകാരം നിരതദ്രവ്യമായി അടച്ച തുക മേൽപ്പടി തുകയിൽ ഉൾപ്പെടുത്തുന്നതാണ്. ദർഘാസുകാരന്/ ലേലക്കാരന് അക്കൗണ്ടില്ലാത്ത മറ്റേതെങ്കിലും ബാങ്കുകളിൽ നിന്നും ഡ്രാഫ്റ്റുകൾ മാറുകയാണെങ്കിൽ അതിനുള്ള കമ്മീഷൻ ദർഘാസുകാരൻ/ ലേലക്കാരൻ നൽകേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഡ്രാഫ്റ്റ് ബാങ്കിൽ നിന്നും നിരസിക്കപ്പെടുകയാണെങ്കിൽ ആ ഡ്രാഫ്റ്റ് ഹാജരാക്കിയ

ആളിനെ വീഴ്ചക്കാരനായി പരിഗണിച്ച് ദർഘാസ്/ ലേലവ്യവസ്ഥകൾ അനുസരിച്ചും ക്രിമിനലായും നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

മേൽ സൂചിപ്പിച്ച മുപ്പത്തിയഞ്ച് ശതമാനം (35%) വരുന്ന വില ഒരു ലക്ഷം രൂപയിൽ കൂടുതലായി വരികയാണെങ്കിൽ ലേല ദിവസം അടച്ച 1,00,000 (ഒരു ലക്ഷം) രൂപ കിഴിച്ച് ബാക്കി വരുന്ന തുക ലേല ദിവസം കഴിഞ്ഞുള്ള ഏഴ് പ്രവൃത്തി ദിവസത്തിനകം ഡിപ്പോ ആഫീസർ/ റെയിഞ്ച് ഓഫീസർ നിർദ്ദേശിക്കുന്ന ട്രഷറിയിൽ അടച്ച് ചലാൻ രസീത് ഹാജരാക്കേണ്ടതാണ്. ഒരേ ദിവസത്തെ ദർഘാസ്/ ലേലത്തിൽത്തന്നെ ഈട്ടി തടിയും മറ്റ് തടികളും ഉണ്ടെങ്കിൽ രണ്ട് ദർഘാസ്/ ലേലങ്ങൾക്കും വെവ്വേറെ സംഖ്യകൾ മേൽ വിവരിച്ച കണക്കിൽ അടക്കേണ്ടതാണ്.

(ബി): മേൽ വിവരിച്ച പ്രകാരം ലേല ദിവസം അടയ്ക്കേണ്ട തുകയോ, വിലയുടെ 35% വരുന്ന തുക അടയ്ക്കേണ്ട ദിവസമോ നിശ്ചിത സംഖ്യ ഒടുക്കാതിരുന്നാൽ അവർ വിജയിച്ച ലോട്ടുകളുടെ ദർഘാസ്/ ലേലം റദ്ദു ചെയ്തതായി കണക്കാക്കി നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച എല്ലാ തുകയും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ദർഘാസു കാരന്/ ലേലക്കാരന് യാതൊരു അറിയിപ്പും നൽകാതെ ബന്ധപ്പെട്ട ലോട്ടുകൾ ദർഘാസുകാരന്റെ/ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തൽ അതേ ഡിപ്പോയിലെ അടുത്ത ദർഘാസ്/ ലേലത്തിൽ പുനർവിൽപ്പന നടത്തുന്നതും അങ്ങനെ പുനർ വിൽപ്പനയിൽ സംഭവിക്കാവുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട ദർഘാസുകാരൻ/ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. മേൽ പ്രകാരമുണ്ടാകുന്ന നഷ്ടം അവരിൽ നിന്ന് റവന്യൂറിക്കവറി നിയമമനുസരിച്ചോ മറ്റ് നിയമ നടപടികൾ സ്വീകരിച്ചോ ഈടാക്കുന്നതായിരിക്കും.

(സി):ദർഘാസ്/ ലേലം സ്ഥിരപ്പെടുത്ത ിയതായുള്ള അറിയിപ്പും ബാക്കി തുകയ്ക്കുള്ള ചലാനും അയച്ച തീയതി മുതൽ നാൽപ്പത് ദിവസത്തിനകം (40 ദിവസം) ചലാൻ ഫോറത്തിൽ കാണിച്ചിട്ടുള്ള തുക സർക്കാരിന്റെ നിർദ്ദിഷ്ട ഖജനാവിൽ അടച്ച് ചലാൻ രസീത് ഡിപ്പോ ഓഫീസർക്ക് എത്തിച്ചു കൊടുക്കേണ്ടതാണ്.

(ഡി):ബാക്കി വില ഖജനാവിൽ അടയ്ക്കേണ്ട അവസാന ദിവസം ഒരു പൊതു അവധി ദിവസമായി വരികയാണെങ്കിൽ അതിനടുത്ത പ്രവൃത്തി ദിവസം പിഴ കൂടാതെ തുക അടയ്ക്കാവുന്നതാണ്. ഓരോ ലോട്ടിന്റെയും ബാക്കി വിലയും നികുതികളും തീർത്തടയ്ക്കുന്ന പക്ഷം അതാത് ലോട്ടുകൾ മറ്റ് ദർഘാസ്/ലേല വ്യവസ്ഥകൾക്ക് വിധേയമായി നീക്കം ചെയ്യാൻ അനുവദിക്കുന്നതാണ്. എന്നാൽ ലേല ദിവസമോ അതു കഴിഞ്ഞുള്ള ഏഴ് പ്രവൃത്തി ദിവസത്തിനകമോ അടച്ച തുക ഏറ്റവും അവസാനം നീക്കം ചെയ്യുന്ന തടിയുടെ വിലയിലേയ്ക്കു മാത്രമേ വകകൊള്ളിക്കുകയുള്ളു. ഇപ്രകാരം എല്ലാ ലോട്ടുകളും മുഴുവൻ തുകയും അടച്ചു തീർത്ത് ദർഘാസ്/ ലേലം സ്ഥിരപ്പെടുത്തിയ വിവരം

അറിയിക്കുന്ന ദിവസം മുതൽ 40 (നാൽപത്) ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്.

(ഇ): മേൽ സൂചിപ്പിച്ച 40 (നാൽപ്പത്) ദിവസത്തിനകം തുക അടച്ച് തടികൾ തുടങ്ങിയവ നീക്കം ചെയ്യാത്ത പക്ഷം പതിനെട്ട് ശതമാനം (18%) പലിശയോടുകൂടി ബാക്കി തുക അടയ്ക്കുന്നതിന് ഒരു മാസം (30 ദിവസം) വരെയും ഇരുപത്തിനാല് ശതമാനം (24%) പലിശയും പിഴപലിശയിൻമേൽ രണ്ടര ശതമാനം (2.5)%) സർചാർജ്ജും ഈടാക്കി കൊണ്ട് അടുത്ത ഒരു മാസം വരെയും (30 ദിവസം), മുപ്പത്തിയാറ് ശതമാനം (36%) പിഴപലിശയും അഞ്ച് ഓഫീസർക്ക് കാലാവധി ദീർഘിപ്പിച്ച് അനുവദിക്കാവുന്നതാണ്. വെള്ളമരങ്ങളുടെ കാര്യത്തിൽ നിബന്ധന 5 (സി) യിൽ പറയുന്ന സൗജന്യ കാലാവധി 15 ദിവസം ആയിരിക്കും. അതു കഴിഞ്ഞാൽ ഇരുപത്തിനാലു ശതമാനം (24%) പലിശയും രണ്ടര ശതമാനം (2.5%) സർചാർജ്ജും ഈടാക്കി 15 ദിവസത്തെ കാലാവധി കൂടി ഡിപ്പോ ഓഫീസർക്ക്/ റെയിഞ്ചാഫീസർക്ക് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇങ്ങനെ പലിശ കണക്കാക്കുമ്പോൾ ഒരു ദിവസമായാലും ഒരു മാസത്തെ പലിശ ഈടാക്കുന്നതാ യിരിക്കും. അതിനു ശേഷം യാതൊരു കാരണവശാലും കാലാവധി നീട്ടികൊടുക്കുന്നതല്ല.

## 6. ദർഘാസ്/ലേലത്തിൽ വാങ്ങിയ സാധനങ്ങൾ നീക്കം ചെയ്യൽ

സർക്കാരിലേക്ക് അടയ്ക്കേണ്ടതായ എല്ലാ തുകയും അടച്ചതിനു ശേഷം ചെലാൻ രസീത് ഡിപ്പോ ഓഫീസറെ ഏൽപ്പിക്കുന്ന മുറയ്ക്ക് അടച്ചു തീർത്ത തുകയ്ക്ക് നീക്കം ചെയ്യാവുന്ന സാധനങ്ങൾക്ക് ഡിപ്പോ ഓഫീസർ പെർമിറ്റ് കൊടുക്കുന്നതും അപ്രകാരം കൊടുക്കുന്ന പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ദർഘാസ്/ ലേല സാധനങ്ങൾ ദർഘാസുകാർ/ ലേലക്കാർ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതുമാണ്.

## 7. സമയ പരിധിക്കുള്ളിൽ വിലയും മറ്റും ഒടുക്കുന്നതിലും സാധനങ്ങൾ നീക്കം ചെയ്യുന്നതിലും വീഴ്ച വരുത്തുന്നവർക്കുള്ള പിഴ.

(എ):ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിയത് അറിയിക്കുന്ന തീയതി മുതൽ നൂറ്റിമുപ്പത് ദിവസത്തിനകം (130 ദിവസം) എല്ലാ തുകയും അടച്ചു് തീർക്കാത്തപക്ഷം ദർഘാസ്/ ലേലം റദ്ദാക്കുന്നതും ആയത് ദർഘാസുകാരന്/ ലേലക്കാരന് 10 ദിവസത്തെ അവധിവച്ച് മുൻകൂട്ടി നോട്ടീസ് കൊടുത്തതിനുശേഷം അതേ ഡിപ്പോയിലെ അടുത്ത ദർഘാസ്/ ലേലത്തിൽ ഇപ്രകാരം റദ്ദ് ചെയ്ത വിഭവങ്ങൾ പുനർവിൽപ്പന നടത്തുന്നതുമാണു്. തന്മൂലം ഡിപ്പാർട്ടുമെൻറിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പുനർ വിൽപ്പന

നടത്തുന്നതിനു് ഡിപ്പാർട്ടുമെൻറിനുണ്ടാകുന്ന ചെലവിനും ആദ്യ ദർഘാസുകാർ/ ലേലക്കാർ ഉത്തരവാദികളാകുന്നതുമാണു്. ഈ നഷ്ടം താഴെ വിവരിക്കുന്ന പ്രകാരത്തിൽ ഈടാക്കുന്നതായിരിക്കും.

ദർഘാസ്/ ലേല വ്യവസ്ഥകൾ പ്രകാരം ആദ്യ ദർഘാസുകാരൻ/ ലേലക്കാരൻ അടയ്ക്കേണ്ടതായ പലിശ, സർചാർജ്ജ്, തറവാടക മുതലായവയും പുനർ വിൽപ്പനയിൽ ആദ്യ ദർഘാസ്/ ലേലതുകയിൽ നിന്നും കുറവു വരുകയാണെങ്കിൽ ആ വ്യത്യാസവും വ്യത്യാസമുള്ള തുകയ്ക്കുള്ള വിൽപ്പന നികുതിയും വനവികസന നികുതികളും പുനർവിൽപ്പന നടത്തതിനു് ഡിപ്പാർട്ടുമെൻറിനു് ഉണ്ടായിട്ടുള്ള ചെലവും റവന്യൂ റിക്കവറി നിയമപ്രകാരമോ മറ്റു നിയമങ്ങൾ പ്രകാരമോ ഈടാക്കുന്നതായിരിക്കും. പുനർ വിൽപ്പനയിൽ ഏതെങ്കിലും ലാഭം ഉണ്ടായാൽ ആദ്യ ദർഘാസുകാരന്/ ലേലക്കാരനു് അതിൽ അവകാശം ഉണ്ടായിരിക്കുന്നതല്ല.

(ബി) സർക്കാരിലേക്കു് അടയ്ക്കേണ്ട എല്ലാ തുകകളും അടച്ചതിനുശേഷം ദർഘാസ്/ ലേലം സ്ഥിരപ്പെടുത്തിയത് അറിയിക്കുന്ന തീയതി മുതൽ നാൽപ്പത് ദിവസത്തിനകം തറവാടക കൂടാതെ തടികൾ നീക്കം ചെയ്യാവുന്നതാണു്. തുടർന്നുള്ള നാല് മാസം വരെ താഴെ പറയുന്ന നിരക്കിൽ തറവാടക ഒടുക്കി തടികൾ നീക്കം ചെയ്യാൻ അനുവദിക്കുന്നതാണു്.

| | | |
|---|---|---|
| 1 | ഉരുളൻ തടികളും അറുപ്പ് ഉരുപ്പടികളും | ആദ്യ മാസം ഒരു ക്യു.മീറ്ററിന് 100/-രൂപ |
| 2 | ഒന്നാംതരവും രണ്ടാംതരവും തേക്ക് കഴകൾ | ആദ്യ മാസം ഒരു കഴക്ക് 10/- രൂപ |
| 3 | മൂന്നാംതരവും നാലാംതരവും തേക്ക് കഴകൾ. | ആദ്യ മാസം ഒരു കഴക്ക് 5/- രൂപ |
| 4 | അഞ്ചാംതരം കഴകൾ, കപ്പുകാൽഎന്നിവക്ക് | ആദ്യ മാസം ഒരു കഴക്ക് 3/- രൂപ |
| 5 | തേക്കിന്റേയും ഈട്ടിയുടേയും ബില്ലറ്റ്സ് | ആദ്യ മാസം 1ടണ്ണിന് 100/- രൂപ |
| 6 | വിറക് | ആദ്യമാസം 1 ടണ്ണിന് 50/- രൂപ |
| 7 | മുള | ആദ്യമാസം ഒരെണ്ണത്തിന് 2/-രൂപ |
| 8 | ഈറയും ചൂരലും | ആദ്യമാസം ഒരെണ്ണത്തിന് 50 പൈസ |
| 9 | മറ്റ് വിഭവങ്ങൾ | അതാത് വിഭവത്തിന്റെ ലേല ത്തുകയുടെ 1% (ഒരുശതമാനം) |

രണ്ടാമത്തെ മാസത്തിനു് ഒന്നാമത്തെ മാസത്തിൻെറ ഇരട്ടിയും മൂന്നാമത്തെ മാസത്തിനു് ഒന്നാമത്തെ മാസത്തിൻെറ മൂന്നിരട്ടിയും/ നാലാമത്തെ മാസത്തിനു് ഒന്നാമത്തെ മാസത്തിൻെറ നാലിരട്ടിയും എന്ന ക്രമത്തിൽ പരമാവധി നാല് മാസം വരെ തറവാടക കൊടുത്ത് മുഴുവൻ തുക അടച്ചു് സാധനങ്ങൾ നീക്കം ചെയ്യാൻ അനുവദിക്കുന്നതാണ്. ഒരു മാസത്തിൽ കുറഞ്ഞ കാലയളവ് ഒരു മാസമായി കണക്കാക്കി തറവാടക ഈടാക്കുന്നതാണ്. ഇങ്ങനെ തറവാടക കണക്കാക്കുമ്പോൾ മേൽ പ്രസ്താവിച്ചിട്ടുള്ള മാസം മുതൽ തടി നീക്കം ചെയ്യാൻ അനുവദിക്കുന്ന മാസം വരെ മേൽ സൂചിപ്പിച്ചിട്ടുള്ള

നിരക്കിൽ ഓരോ മാസത്തെ തറവാടകയും ക്രമാനുസരണം കണക്കാക്കി ഈടാക്കുന്നതാണ്. എന്നാൽ പ്രസ്തുത കാലാവധിക്കുശേഷം യാതൊരു കാരണവശാലും തടി നീക്കം ചെയ്യാൻ അനുവദിക്കുന്നതല്ല.

(സി) മേൽ വിവരിച്ച കാലാവധിക്കുശേഷം നീക്കം ചെയ്യാതെ കിടക്കുന്ന തടികൾ ദർഘാസ്/ ലേല വ്യവസ്ഥയിൽ പുനർ വിൽപ്പന നടത്തുന്നതും ഡിപ്പാർട്ടുമെൻറിനു് പ്രസ്തുത പുനർ വിൽപ്പനയ്ക്കും മറ്റും ചെലവായ തുക, തറവാടക എന്നിവ തടി നീക്കം ചെയ്യാത്ത ദർഘാസുകാരുടെ/ ലേലക്കാരുടെ ബാദ്ധ്യതയായി പുനർ വിൽപ്പന തുകയിൽ നിന്നും ഈടാക്കി ഡിപ്പാർട്ടുമെൻറിലേയ്ക്ക് മുതൽക്കൂട്ടിയതിനുശേഷം ബാക്കിയുള്ള തുക ഫോറസ്റ്റ് ഡെപ്പോസിറ്റായി കണക്കിൽ ചേർക്കുന്നതും തടി നീക്കം ചെയ്യാൻ വീഴ്ച വരുത്തിയ ദർഘാസുകാരൻ/ ലേലക്കാരൻ ആവശ്യപ്പെടുന്ന സമയത്തു് തിരികെ കൊടുക്കുന്നതുമാണു്. എന്നാൽ പ്രസ്തുത പുനർ വിൽപ്പനയിൽ ഉണ്ടാകുന്ന ലാഭത്തിന്മേൽ ആദ്യ ദർഘാസുകാർക്ക്/ ലേലക്കാർക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

## 8. മറ്റു പൊതു വ്യവസ്ഥകൾ

(എ) ഈ ദർഘാസ്/ ലേലത്തിൽ പരസ്യപ്പെടുത്തിയ വകുപ്പുകൾ പ്രകാരം ഗവൺമെൻറിലേക്കു് കിട്ടേണ്ടതായ ഏതൊരു തുകയും ഡിപ്പാർട്ടുമെൻറിൽനിന്ന് ആവശ്യപ്പെടുന്ന സമയത്തു് ദർഘാസുകാരൻ/ലേലക്കാരൻ അടയ്ക്കാൻ വീഴ്ചവരുത്തിയാൽ പ്രസ്തുത തുക ഭൂനികുതി കുടിശ്ശികയായി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം ഈടാക്കുന്നതാണു്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കു് യുക്തമെന്ന് തോന്നുന്ന മറ്റ് മാർഗ്ഗങ്ങളിൽകൂടിയും ഈ തുക ഈടാക്കുവാൻ നടപടികൾ സ്വീകരി ക്കാവുന്നതാണു്.

(ബി) ദർഘാസ്/ ലേലത്തിൽ വിജയിച്ചയാൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഏതെങ്കിലും തുക അടയ്ക്കാൻ വീഴ്ചവരുത്തിയാൽ അയാൾ ഡിപ്പാർട്ടു മെൻറിൻെറ കീഴിലുള്ള മറ്റേതെങ്കിലും ഡിപ്പോയിൽ നിന്നു് വാങ്ങിയതും ബാക്കി വില അടച്ചതുമായ സാധനങ്ങൾ വിട്ടുകൊടുക്കുന്നതല്ല. ഈ നടപടി പ്രകാരം അദ്ദേഹത്തിനു് ഏതെങ്കിലും കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിനു് ഡിപ്പാർട്ടുമെൻറു് ഉത്തരവാദിയാകുന്നതല്ല.

(സി) മുൻ ദർഘാസ്/ ലേലങ്ങളിൽ പങ്കെടുത്തു് വീഴ്ച വരുത്തിയവർ എന്ന് പ്രഖ്യാപിക്കപ്പെട്ടവരെ നേരിട്ടോ ഏജൻറു് മുഖേനയോ ദർഘാസ്/ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

(ഡി) അതാതു് കാലത്തു് പ്രാബല്യത്തിലിരിക്കുന്ന വിൽപ്പന നികുതിയും വനവികസന നികുതിയും മറ്റു പ്രാദേശിക നികുതികളും കൊടുക്കു ന്നതിനു് ദർഘാസുകാർ/ ലേലക്കാർ ബാദ്ധ്യസ്ഥരായിരിക്കും.

(ഇ) ദർഘാസ്/ ലേല വ്യവസ്ഥകൾ അനുസരിച്ച് തുക അടയ്ക്കാതെയും മറ്റു വിധത്തിലും വീഴ്ചവരുത്തുന്നവരെ ഡിപ്പാർട്ടുമെൻറിനു് യുക്തമെന്ന് തോന്നുന്നപക്ഷം സ്ഥിരമായി ബ്ളാക്ക് ലിസ്റ്റ് ചെയ്യാവുന്നതാണു്.

(എഫ്) അതാതു കാലത്തു് നിലവിലുള്ള ഫോറസ്റ്റ് ആക്ടിലോ റൂൾസിലോ ഈ വ്യവസ്ഥകളെ ബാധിക്കുന്ന വ്യത്യാസങ്ങൾ വരുത്തുക യാണെങ്കിലോ, ഭേദഗതി ചെയ്യുകയാണെങ്കിലോ അങ്ങനെ മാറ്റുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും ദർഘാസുകാരൻ/ ലേലക്കാരൻ വിധേയനാ യിരിക്കും.

(ജി) ദർഘാസ്/ ലേലവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അധികാരപരിധിയിൽ സ്ഥിതി ചെയ്യുന്ന കോടതിയിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

## 2010-ലെ കേരള സർക്കാരിന്റെ വിവിധ ഡിപ്പോകളിലെ ദർഘാസ്/ ലേല തീയതികൾ

| നം | ഡിപ്പോകളുടെ പേര് | Jan | Feb | Mar | Apr | May | June | July | Aug | Sept | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| തടി വില്പന വിഭാഗം ഡിവിഷൻ, തിരുവനന്തപുരം | | | | | | | | | | | | | |
| 1. | കുളത്തൂപ്പുഴ | – | 10 | – | 5 | – | 7 | – | 10 | – | 4 | – | 2 |
| 2. | ആര്യങ്കാവ് | 16 | – | 11 | – | 17 | – | 12 | – | 7 | – | 18 | – |
| 3. | തെന്മല | 5 | – | 2 | – | 6 | – | 5 | – | 3 | – | 8 | – |
| 4. | അച്ചൻകോവിൽ | – | 18 | – | 12 | – | 21 | – | 18 | – | 26 | – | 20 |
| 5. | മുള്ളുമല | 23 | 3 | 8 | 26 | 28 | – | 20 | – | 24 | – | 27 | – |
| തടി വില്പന വിഭാഗം ഡിവിഷൻ, പുനലൂർ | | | | | | | | | | | | | |
| 6. | തൂയം | – | 9 | – | 7 | – | 4 | – | 7 | – | 11 | – | 9 |
| 7. | കടയ്ക്കാമൺ | 2 | – | 4 | – | 12 | – | 7 | – | 14 | – | 3 | – |
| 8. | പത്തനാപുരം | 12 | – | 10 | – | 19 | – | 14 | – | 17 | – | 10 | – |
| 9. | പത്തനാപുരം (വീട്ടി) | 22 | – | 18 | – | 14 | – | 21 | – | 23 | – | 19 | – |
| 10. | കോന്നി | 30 | – | 25 | – | 26 | – | 28 | – | 29 | – | 25 | – |
| 11. | വീയപുരം | – | 19 | – | 21 | – | 15 | – | 11 | – | 21 | – | 14 |
| 12. | അരീക്കക്കാവ് | – | 24 | – | 29 | – | 24 | – | 20 | – | 28 | – | 22 |
| **തടി വില്പന വിഭാഗം ഡിവിഷൻ, കോട്ടയം** | | | | | | | | | | | | | |
| 13. | കോതമംഗലം | 19 | 16 | 3 | 20 | 11 | 14 | 13 | 12 | 15 | 12 | 11 | 6 |
| 14. | തലക്കോട് | 28 | 23 | 16 | 23 | 27 | 22 | 24 | 21 | 4 | 19 | 22 | 23 |
| 15. | വെട്ടിക്കാട് | 13 | 11 | 5 | 6 | 4 | 2 | 8 | 4 | 2 | 5 | 4 | 1 |
| 16. | പാറാമ്പുഴ | 6 | 4 | 6 | 27 | 24 | 29 | 29 | 17 | 27 | 25 | 26 | 27 |
| 17. | പാറാമ്പുഴ (വീട്ടി) | – | – | 24 | – | – | – | 9 | – | – | – | 9 | – |
| **തടി വില്പന വിഭാഗം ഡിവിഷൻ, പെരുമ്പാവൂർ** | | | | | | | | | | | | | |
| 18. | ചാലക്കുടി | – | 2 | – | 8 | – | 1 | – | 3 | – | 6 | – | 8 |
| 19. | വീട്ടൂർ | 20 | 22 | 23 | 17 | 13 | 23 | 23 | 16 | 22 | 22 | 16 | 29 |
| 20. | മുടിയ്ക്കൽ | 14 | – | 9 | – | 18 | – | 15 | – | 16 | – | 12 | – |
| 21. | മുടിയ്ക്കൽ (വീട്ടി) | – | 15 | – | 22 | – | 17 | – | 13 | – | 13 | – | 18 |
| 22. | ചെട്ടിക്കുളം | 4 | – | 1 | – | 3 | – | 3 | – | 9 | – | 1 | – |
| 23. | വാരാപ്പുഴ | 27 | – | 15 | – | 22 | – | 26 | – | 30 | – | 23 | – |
| **തടി വില്പന വിഭാഗം ഡിവിഷൻ, പാലക്കാട്** | | | | | | | | | | | | | |
| 24. | സെൻട്രൽഡിപ്പോ അരുവാക്കോട് | 22 | 25 | 26 | 24 | 25 | 28 | 27 | 27 | 28 | 27 | 24 | 28 |
| 25. | നെടുങ്കയം | 7 | 1 | 17 | 9 | 5 | 3 | 6 | 5 | 6 | 7 | 2 | 7 |
| 26. | അരുവാക്കോട് അനക്സ്, വാളയാർ | 20 | 20 | 19 | 19 | 20 | 16 | 22 | 19 | 18 | 20 | 20 | 21 |

| നം | ഡിപ്പോകളുടെ പേര് | Jan | Feb | Mar | Apr | May | June | July | Aug | Sept | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| തടി വില്പന വിഭാഗം ഡിവിഷൻ, കോഴിക്കോട് | | | | | | | | | | | | | |
| 27. | ചാലിയം | 8 | 5 | 12 | 3 | 7 | 5 | – | 2 | – | 8 | – | 3 |
| 28. | ചാലിയം (വീട്ടി) | 18 | 6 | 22 | 13 | 10 | 8 | – | 28 | – | 15 | – | 10 |
| 29. | കുപ്പാടി (വീട്ടി) | 15 | 8 | 23 | 26 | 15 | 10 | 16 | – | 13 | – | 15 | – |
| 30. | കുപ്പാടി (തേക്ക്) | 11 | 9 | 29 | 16 | 13 | 9 | 19 | – | 25 | – | 6 | – |
| 31. | മഞ്ചയ്ക്കൽ | 22 | 24 | 20 | 30 | 28 | 18 | – | 26 | – | 14 | – | 15 |
| 32. | പരപ്പ | 29 | 27 | 27 | 12 | 21 | 11 | 23 | – | 8 | – | 16 | – |
| 33. | കണ്ണോത്ത് | 21 | 18 | 30 | 21 | 31 | 25 | – | 6 | – | 18 | – | 24 |
| 34. | ബാവേലി | 25 | 17 | 31 | 28 | 29 | 26 | 30 | – | 22 | – | 29 | 30 |

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)
(കേരളാ ഗവർണ്ണർക്കുവേണ്ടി)

തിരുവനന്തപുരം